## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം<br>നം. 3635 | 17.10.2011-ലെ മറുപടിക്ക് |
|---|---|

### പുലയനാർകോട്ട നെഞ്ചുരോഗാശുപത്രി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.കെ. ഗുരുദാസൻ<br>ശ്രീ. കോലിയക്കോട് എൻ.കൃഷ്ണൻ നായർ<br>ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ. സി.കെ. സദാശിവൻ | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| എ) പുലയനാർകോട്ട നെഞ്ചു രോഗാശുപത്രിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; രോഗികൾക്ക് മതിയായ ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | എ) പുലയനാർകോട്ട നെഞ്ചുരോഗാശുപത്രിയുടെ പ്രവർത്തനങ്ങൾ പല ഘട്ടങ്ങളിലും വിലയിരുത്തിയിട്ടുണ്ട്. രോഗികൾക്ക് മതി യായ ചികിൽസാ സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ആശുപത്രി വികസന സമിതി യോഗം ചേർന്ന് പ്രവർത്തനങ്ങൾ പരിശോധിക്കുകയും ഉയർന്നുവരുന്ന നിർദ്ദേശങ്ങൾക്ക് അനുസരിച്ച് നടപടി സ്വീകരിക്കുകയും ചെയ്തു വരുന്നു. ടി ആശുപത്രിയിലെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ Asset Maintenance Fund ഉപയോഗപ്പെടുത്തി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു. |

| | |
|---|---|
| ബി) ആശുപത്രി നിലനിൽക്കുന്ന ഭൂമി ആരെങ്കിലും കയ്യേറിയതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| സി) ആശുപത്രിയുടെ കൈവശമുള്ള സ്ഥലം അളന്ന് തിട്ടപ്പെടുത്തുന്നതിനും കയ്യേറ്റം ചെയ്യപ്പെട്ട ഭൂമി തിരിച്ചു പിടിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | സി) ആശുപത്രി സ്ഥലത്തെ കൈയേറ്റം സംബന്ധിച്ച് ജില്ലാ കളക്ടർ, ആർ.ഡി.ഒ എന്നിവർക്ക് രേഖാമൂലം റിപ്പോർട്ട് നൽകിയിരുന്നു. തുടർന്ന് ആശുപത്രി വക സ്ഥലം അളന്ന് തിട്ടപ്പെടുത്തുന്നതിനും അതിർത്തി നിർണ്ണയം ചെയ്യുന്നതിനും കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ